"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - വാർഷിക പദ്ധതി 2023-24 -സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ പഴയ DESCAS Software-ന് പകരമായി ആധുനിക രീതിയിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുഖേന വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.454/2023/P&EA തീയതി,തിരുവനന്തപുരം, 22-11-2023

---

പരാമർശം:-

1. 30.07.2022 തീയതിയിലെ സ.ഉ(സാധാ) നം.297/2022/P&EA നമ്പർ സർക്കാർ ഉത്തരവ്.
2. 11.11.2022 തീയതിയിലെ സ.ഉ(സാധാ) നം.425/2022/P&EA നമ്പർ സർക്കാർ ഉത്തരവ്.
3. 17.03.2023 തീയതിയിലെ സ.ഉ(സാധാ) നം.104/2023/P&EA നമ്പർ സർക്കാർ ഉത്തരവ്.
4. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടറുടെ 10.05.2023 തീയതിയിലെ DES/1118/2023-PL(1) നം കത്ത്
5. 11.05.2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്
6. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടറുടെ 21.06.2023 തീയതിയിലെ DES/4236/2022-COMP3 നം. കത്ത്.
7. 07.10.2023 ലെ ടെക്കനിക്കൽ അഡ്വൈസറി കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ ഉപയോഗത്തിനായി നൂതന സാങ്കേതിക വിദ്യയിലുള്ള ഒരു പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന്റെ കൺസൾട്ടൻസിയായും ഡെവലപ്പിംഗ് ഏജൻസിയായും യഥാക്രമം പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ നിയമിച്ച് ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പും ഡിജിറ്റൽ യൂണിവേഴ്സിറ്റിയും തമ്മിൽ മുഖ്യധാരണാപത്രം ഒപ്പുവെക്കുകയും സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് മുഖ്യധാരണാപത്രത്തിൽ ഉൾപ്പെടുത്തിയ വിവിധതലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച നടപടി പരാമർശം (3) പ്രകാരം സാധൂകരിച്ചും ഉത്തരവായിരുന്നു. വിവിധങ്ങളായ 9 മോഡ്യൂളുകൾ വിഭാവനം ചെയ്യുന്ന ആപ്ലിക്കേഷനിലെ ഏറ്റവും പ്രധാനപ്പെട്ടതും താരതമ്യേന വലുതുമായ ഇ.എ.ആർ.എ.എസ്. മോഡ്യൂൾ

ആദ്യഘട്ടത്തിൽ വികസിപ്പിക്കുന്നതിന് തീരുമാനിക്കുകയും ഇതിനുവേണ്ടി എഫ്.ആർ.എസ്. തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും ടി സാഹചര്യത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുഖേനെ പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനു വേണ്ട 123.17 ലക്ഷം രൂപയുടെ പ്രപ്പോസൽ അംഗീകരിക്കണമെന്നും ഈ തുക 3454-02-203-98-34 Other Charges "Modernization of Department of Economics and Statistics" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും, കൂടാതെ ഈ ശീർഷകത്തിൽ 2023-24 വർഷത്തിൽ "Modernization of Department of Economics and Statistics with latest ICT Technology" എന്ന ഘടകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ, കരാറിൽ വെയ്ക്കുന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയ്ക്ക് നൽകിക്കൊണ്ട് പുതിയ ആപ്ലിക്കേഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുഖേന തയ്യാറാക്കുന്നതിനുവേണ്ട ഭരണാനുമതി നൽകണമെന്നും പരാമർശം (6) പ്രകാരം ഡയറകടർ അഭ്യർത്ഥിച്ചിരുന്നു.

2. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ പഴയ DESCAS Software-ന് പകരമായി ആധുനിക രീതിയിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് Digital University സമർപ്പിച്ചിരിക്കുന്ന 123.17 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 07.10.2023 ലെ ടെക്കനിക്കൽ അഡ്വൈസറി കമ്മിറ്റി യോഗം ചേർന്ന് അനുമതി നൽകിയിരുന്നു.

3. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. 11.05.2023 ൽ ചേർന്ന വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗ തീരുമാന പ്രകാരം, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ പഴയ DESCAS Software-ന് പകരമായി ആധുനിക രീതിയിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുഖേന വികസിപ്പിക്കുന്നതിന് ആവശ്യമായ **123.17 ലക്ഷം രൂപയ്ക്ക് ( ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം)** ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് വർഷത്തെ ചെലവ് ബജറ്റ് വിഹിതമായി 3454-02-203-98-34 Other Charges "Modernization of Department of Economics and Statistics" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള അൻപത് ലക്ഷം രൂപയിൽ പരിമിതപ്പെടുത്തേണ്ടതും ബാക്കി തുക അടുത്ത വർഷത്തെ പ്ലാൻ പ്രൊവിഷനിൽ നിന്നും കണ്ടെത്തേണ്ടതുമാണ്.

4. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ്ജു എം എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.

3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

4. ധനകാര്യ വകുപ്പ്(EXP-B3/327/2022-FIN)

5. ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്(IT Cell 2-194/2023-ITD)

6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്

7. ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 22-11-2023 16:17:02

സെക്ഷൻ ഓഫീസർ